9971
27/9/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- ഡബ്ല്യു.പി(സി) നം. 7210/2014 മേലുള്ള ബഹു. ഹൈക്കോടതിയുടെ 01.04.2014 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം. 565/2014/സാനീവ                തീയതി, തിരുവനന്തപുരം, 4.9.2014

---

പരാമർശം:- 1) 15.03.2014-ലെ ശ്രീമതി.ഓമന.പി. മുതൽപേരുടെ നിവേദനം.
2) ഡബ്ല്യു.പി(സി) നം. 7210/2014 മേലുള്ള ബഹു. ഹൈക്കോടതിയുടെ 01.04.2014 ലെ വിധിന്യായം.
3) സാമൂഹ്യനീതി ഡയറക്ടറുടെ 09.07.2014 ലെ ഐസിഡിഎസ്/ബി4-10006/14 നമ്പർ കത്ത്.

## ഉത്തരവ്

അംഗൻവാടി വർക്കർമാരായിരിക്കെ സാമൂഹ്യനീതി വകുപ്പിലെ വിശേഷാൽ ചട്ടമനുസരിച്ച് ഐസിഡിഎസ് സൂപ്പർവൈസർമാരായി നിയമനം ലഭിച്ച് പിന്നീട് വിരമിച്ച ജീവനക്കാർക്ക് മിനിമം പെൻഷനുള്ള സർവ്വീസ് ലഭിക്കാത്തതിനാൽ അംഗൻവാടി വർക്കർ തസ്തികയിൽ കൂടി ജീവനക്കാർ ജോലി ചെയ്തിരുന്ന കാലയളവ് കൂടി കണക്കിലെടുത്ത് പെൻഷൻ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് ശ്രീമതി. ഓമന.പി. മുതൽപേർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യു.പി(സി) നം. 7210/2014 മേലുള്ള ബഹു. ഹൈക്കോടതിയുടെ പരാമർശം (2)-ലെ വിധിന്യായത്തിൽ രണ്ടാം എതിർ കക്ഷിയായ സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി, ആവശ്യമെങ്കിൽ പരാതിക്കാരെ നേരിൽ കേട്ടതിനുശേഷം പരാതിക്കാർ Ext P7 ആയി സമർപ്പിച്ചിട്ടുള്ള പരാമർശം(1)-ലെ നിവേദനത്തിന്മേൽ ഉചിതമായ തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിൻ പ്രകാരം പ്രസ്തുത കേസിലെ പരാതിക്കാരിയായ ശ്രീമതി. ഓമന.പി-യെ 11.08.2014 ൽ നേരിൽ കേൾക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് അഡീഷണൽ സെക്രട്ടറി ക്ഷണിക്കുകയും ശ്രീമതി.ഓമനയോടൊപ്പം ശ്രീമതി.ദേവി, ശ്രീമതി.ഏലിക്കുട്ടി എന്നിവർ അന്നേ ദിവസം ഹാജരാകുകയും ചെയ്തിരുന്നു.

(2) അംഗൻവാടി സൂപ്പർവൈസർമാരായി റിട്ടയർ ചെയ്ത പരാതിക്കാർക്ക് എക്സ് ഗ്രേഷ്യാ പെൻഷൻ മാത്രമാണ് ലഭിക്കുന്നതെന്നും ആയതിനാൽ അവരുടെ അംഗൻവാടി വർക്കർ തസ്തികയിലെ സേവനവും കൂടി ചേർത്ത് പെൻഷൻ അനുവദിക്കണമെന്നും അപ്രകാരം അംഗൻവാടി വർക്കർ തസ്തികയിലെ സേവനം കൂടി കണക്കിലെടുത്ത് പെൻഷൻ അനുവദിക്കുന്നതിലേയ്ക്കായി നിയമം ഉണ്ടാക്കുകയോ നിലവിലുള്ള നിയമത്തിന് ഭേദഗതി വരുത്തുകയോ ചെയ്യണമെന്നുമാണ് Ext P7 ആയി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ പരാതിക്കാർ ആവശ്യപ്പെട്ടിട്ടുള്ളത്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അംഗൻവാടി വർക്കർമാരുടെ സേവനം ഓണറേറിയം വ്യവസ്ഥയിലായതിനാലും ടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചിട്ടില്ലാത്തതിനാലും ഇവർക്ക് വേണ്ടി അംഗൻവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി പെൻഷനാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്നതിനാലും അംഗൻവാടി വർക്കർ തസ്തികയിലെ സേവനം കൂടി ഉൾപ്പെടുത്തി പരാതിക്കാരായ വിരമിച്ച ഐസിഡിഎസ് സൂപ്പർവൈസർമാർക്ക് പെൻഷൻ അനുവദിക്കുവാൻ സാധിക്കുകയില്ല. ആയതിലേയ്ക്കായി നിലവിലുള്ള നിയമനത്തിൽ ഭേദഗതി വരുത്തുകയോ പുതിയ നിമയനം ഉണ്ടാക്കുകയോ ചെയ്യണമെന്നുമുള്ള പരാതിക്കാരുടെ ആവശ്യം പരിഗണിക്കാനാവാത്തതിനാൽ നിരസിച്ചും, ഉത്തരവാകുന്നു. ഇപ്രകാരം ഡബ്ല്യു.പി.(സി) നം. 7210/2014 മേലുള്ള ബഹു. ഹൈകോടതിയുടെ 01.04.2014 ലെ വിധിന്യായം നടപ്പിലാക്കി.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എൻ.ബി.കോമളവല്ലി അമ്മ
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
ശ്രീമതി. ഓമന പി, കൊടക്കൽ പുതിയ വീട്, വടക്കുമ്പാട്, കുഞ്ഞിമംഗലം. പി.ഒ,
കണ്ണൂർ- 670309 (രജിസ്റ്റേർഡ് തപാലിൽ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ